"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതി - ചട്ടത്തിലെ വ്യവസ്ഥകൾ - സ്പഷ്ടീകരണം വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എച്ച്) വകുപ്പ്**

**സ.ഉ.(സാധാ) നം.16/2023/I&PRD** **തിരുവനന്തപുരം, തീയതി 20-02-2023**

പരാമർശം:-
1. 16.08.1993 തീയതിയിലെ സ.ഉ.(പി) നം. 7/93/പി.ആർ.
2. 11.02.2021-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പെൻഷൻ മാനേജിംഗ് കമ്മിറ്റി യോഗ തീരുമാനം.
3. 04.05.2021 തീയതിയിലെ സ.ഉ (സാധാ) നമ്പർ 74/2021/ഐ&പി.ആർ നമ്പർ ഉത്തരവ്.

**ഉത്തരവ്**

പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയുടെ മാനേജിംഗ് കമ്മിറ്റി 11.02.2021-ൽ ഓൺലൈനായി ചേർന്ന യോഗതീരുമാന പ്രകാരം പുറപ്പെടുവിച്ച പരാമർശം (3)-ലെ ഉത്തരവിൽ വിഷയം നം. 6 പ്രകാരം രേഖകളിലെ അവ്യക്തത മൂലമോ മറ്റ് ഏതെങ്കിലും തരത്തിലോ തീരുമാനം എടുക്കാൻ കഴിയാത്ത അപേക്ഷകളിൽ ഉപസമിതിക്ക് കൂടുതൽ ഉത്തരവാദിത്തം / അധികാരം നൽകുകയും താൽക്കാലിക അംഗത്വം, താൽക്കാലിക പെൻഷൻ, അംഗത്വം പുനഃസ്ഥാപിക്കൽ തുടങ്ങിയ വിഷയങ്ങളിൽ ഡയറക്ടറുടെ തീരുമാനം സാധൂകരിക്കാനും അതുവഴി പെൻഷൻ, അംഗത്വം എന്നിവ സ്ഥിരപ്പെടുത്താനും ഉള്ള അധികാരം ഉപസമിതിക്ക് നൽകുകയും, നയപരമായ തീരുമാനം ആവശ്യമായ അപേക്ഷകളിലും വിവേചനാധികാരം ഉപയോഗിച്ച് തീരുമാനം എടുക്കേണ്ടതായ അപേക്ഷകളിലും ഉപസമിതിയുടെ വ്യക്തമായ ശുപാർശയോടെ കമ്മിറ്റി അദ്ധ്യക്ഷനായ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരം തേടുകയോ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുകയോ ചെയ്ത് അവയിൽ കമ്മിറ്റിയുടെ/സർക്കാരിന്റെ തീരുമാനം വന്നതിനു ശേഷം തുടർ നടപടി സ്വീകരിക്കേണ്ടതാണെന്ന് ഉത്തരവായിരുന്നു. എന്നാൽ ഉപസമിതി ചേർന്ന് തീരുമാനങ്ങൾ കൈക്കൊള്ളേണ്ട നിരവധി അപേക്ഷകളിൽ നയപരമായ തീരുമാനം ആവശ്യമായി വന്നു . തുടർന്ന് നയപരമായ തീരുമാനങ്ങൾ എടുക്കേണ്ട വ്യവസ്ഥകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ച് ചുവടെ പറയുന്ന സ്പഷ്ടീകരണം വ്യവസ്ഥകളിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**1. പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് പെൻഷന് അർഹരാകുന്നതിനുള്ള വിരമിക്കൽ വ്യവസ്ഥ**

| | |
|---|---|
| എ) | അമ്പത്തിയെട്ട് വയസ്സിനുശേഷം സ്ഥാപനത്തിന്റെ നിർദേശാനുസരണം സ്വയം വിരമിക്കുന്നവർക്ക് വിരമിക്കുന്ന തീയതി വരെയുള്ള അംശദായം സ്വീകരിച്ച് തൊട്ടടുത്ത മാസം മുതൽ പെൻഷൻ അനുവദിക്കേണ്ടതാണ്. |
| ബി) | വിരമിക്കൽ പ്രായത്തിന് ഒരു വർഷത്തിൽ താഴെ കാലയളവിൽ ആരോഗ്യപരമായ കാരണങ്ങളാൽ വിരമിക്കുന്നവർക്ക് വിരമിക്കുന്ന മാസം വരെയുള്ള അംശദായം സ്വീകരിച്ച് തൊട്ടടുത്ത മാസം മുതൽ പെൻഷൻ അനുവദിക്കേണ്ടതാണ്. |
| സി) | അമ്പത്തിയെട്ട് വയസ്സ് വിരമിക്കൽ പ്രായമായ സ്ഥാപനങ്ങളിൽനിന്നും അറുപത് വയസ്സ് |

| | |
|---|---|
| | വിരമിക്കൽ പ്രായമായ സ്ഥാപനങ്ങളിൽനിന്നും ഒരു വർഷത്തിൽ താഴെ കാലയളവിൽ സ്വയം വിരമിക്കുന്നവർക്ക് സ്ഥാപനത്തിന്റെ വിരമിക്കൽ തീയതിയുടെ തൊട്ടടുത്ത മാസം മുതൽ പെൻഷൻ അനുവദിക്കേണ്ടതാണ്. |

2. സ്ഥാപനങ്ങൾ പൂട്ടിയതിനെ തുടർന്ന് ജോലി നഷ്ടപ്പെട്ടവർ

| | |
|---|---|
| എ) | കുറഞ്ഞത് അഞ്ചുവർഷത്തെ പദ്ധതിയംഗത്വമുള്ള ഒരാൾക്ക് സ്ഥാപനത്തിന്റെ വിരമിക്കൽ പ്രായത്തിന് മുമ്പ് അഞ്ചു വർഷക്കാലയളവിനിടയിൽ സ്ഥാപനം പൂട്ടിയതിനെ തുടർന്ന് ജോലി നഷ്ടപ്പെടുകയാണെങ്കിൽ, അതുവരെയുള്ള അംഗത്വ കാലാവധി മാത്രം പരിഗണിച്ച്, മറ്റൊരു മാധ്യമസ്ഥാപനത്തിൽ വേജ്ബോർഡ് ശിപാർശ നടപ്പിലാക്കിയ സ്ഥാപനമെന്നോ ഓൺലൈൻ ആണെന്നോ പരിഗണിക്കാതെ, അറുപത് വയസ്സ് വരെ മുഴുസമയ മാധ്യമ പ്രവർത്തകനായി തുടരുകയും അംശദായം ക്രമപ്രകാരം അടയ്ക്കുകയും ചെയ്താൽ ചട്ടപ്രകാരം അറുപത് വയസ്സ് തികയുമ്പോൾ അർഹമായ പെൻഷൻ അനുവദിക്കേണ്ടതാണ്. ജോലി നഷ്ടപ്പെടുന്ന വേളയിൽ അംഗത്വം റദ്ദായവരുടെ കാര്യത്തിൽ അന്തിമ തീരുമാനം മാനേജ്മെന്റ് കമ്മിറ്റി കൈക്കൊള്ളേണ്ടതാണ്. |
| ബി) | സ്ഥാപനത്തിന്റെ വിരമിക്കൽ പ്രായത്തിന് മുമ്പ് അഞ്ചു വർഷക്കാലയളവിനിടയിൽ സ്ഥാപനം പൂട്ടിയതിനെ തുടർന്ന് ജോലി നഷ്ടപ്പെടുകയും മറ്റൊരു മാധ്യമസ്ഥാപനത്തിലും ജോലി ലഭിക്കാതിരിക്കുകയും ചെയ്താൽ ചട്ടപ്രകാരം അറുപത് വയസ്സ് തികയുമ്പോൾ മറ്റ് മാനദണ്ഡങ്ങൾ പൂർത്തീകരിക്കുന്ന പക്ഷം അർഹമായ പെൻഷൻ അനുവദിക്കാം. ജോലി നഷ്ടപ്പെടുന്ന വേളയിൽ അംഗത്വം റദ്ദായവരുടെ കാര്യത്തിൽ അന്തിമ തീരുമാനം മാനേജ്മെൻറ് കമ്മിറ്റി കൈക്കൊള്ളേണ്ടതാണ്. |
| സി) | മുൻ ഖണ്ഡികകളിലെ വ്യവസ്ഥകളിൽ ഉൾപ്പെടാത്ത പ്രായത്തിലുള്ളവർക്ക് സ്ഥാപനം പൂട്ടിയ കാരണത്താൽ ജോലി നഷ്ടപ്പെടുന്ന പക്ഷം അംഗത്വം നിലനിർത്തുന്നതിന് ചട്ടപ്രകാരമുള്ള സ്ഥാപനത്തിൽ ഒരു വർഷത്തിനുള്ളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. |

3. സംസ്ഥാനത്തിന് പുറത്തെ മാധ്യമപ്രവർത്തനം

കേരളത്തിലെ പത്തുവർഷത്തെ സേവനവും കേരളത്തിന് പുറത്തും വിദേശത്തും മാധ്യമപ്രവർത്തകരായി തുടർന്നു എന്നത് പരിഗണിച്ചും മുഴുസമയ മാധ്യമപ്രവർത്തനം നടത്തിയ ഇടവേളകൾ സാധൂകരിച്ചും കീഴ് വഴക്കമനുസരിച്ചും അപേക്ഷകർക്ക് പെൻഷൻ അനുവദിക്കേണ്ടതാണ്.

4. വിരമിച്ചത് വേജ്ബോർഡ് ശിപാർശയില്ലാത്ത സ്ഥാപനത്തിൽനിന്ന്

| | |
|---|---|
| എ) | ചട്ടപ്രകാരമുള്ള സ്ഥാപനത്തിൽ പത്തു വർഷവും അതിലേറെയും കാലത്തെ സേവനത്തിനു ശേഷം വേജ് ബോർഡിന്റെ നിർവചന പരിധിയിൽ വരാത്തതും ഓൺലൈനിലും മുഴുസമയ മാധ്യമപ്രവർത്തനം നടത്തി വിരമിച്ചവർക്ക് അവർ മുഴുസമയ മാധ്യമപ്രവർത്തകരായിരുന്നുവോ എന്ന കാര്യത്തിൽ പത്രപ്രവർത്തക യൂണിയന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ വകുപ്പിന്റെ അന്വേഷണത്തിൽ ബോധ്യപ്പെടുന്ന പക്ഷം 60 വയസ്സാകുന്ന മുറയ്ക്ക് അതുവരെയുള്ള അംശാദയം സ്വീകരിച്ച് പെൻഷൻ അനുവദിക്കേണ്ടതാണ്. |
| ബി) | വേജ് ബോർഡ് നിർവചനത്തിന്റെ പരിധിയിൽ വരാത്ത ഒന്നോ അതിലധികമോ സ്ഥാപനങ്ങളിൽ തുടക്കം മുതലും അല്ലാതെയും ജോലി ചെയ്ത് വിരമിച്ച അംഗങ്ങളുടെ അപേക്ഷയിൽ കീഴ്വഴക്കമനുസരിച്ച് 60 വയസ്സാകുന്ന മുറയ്ക്ക് വിരമിക്കൽ തീയതിവരെയുള്ള |

| | |
|---|---|
| | അംശദായം സ്വീകരിച്ച് പെൻഷൻ അനുവദിക്കേണ്ടതാണ്. സ്ഥാപനം പൂട്ടിപ്പോയവരുടെ കാര്യത്തിൽ എംപ്ലോയ്മെൻറ് സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധന ഒഴിവാക്കുന്നു. |

**5. ആശ്രിത പെൻഷൻ**

| | |
|---|---|
| എ) | പെൻഷണർ മരണപ്പെട്ടാൽ ആശ്രിത പെൻഷൻ അനുവദിക്കുന്ന വേളയിൽ മരണത്തീയതിക്ക് ശേഷമുള്ള പെൻഷൻ തുക കുടിശ്ശികയാക്കാതെ ആദ്യ തവണത്തെ പെൻഷനോടൊപ്പം തന്നെ വിതരണം ചെയ്യേണ്ടതാണ്. |
| ബി) | പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെയോ, അംഗത്വപുന:സ്ഥാപനത്തിന് അപേക്ഷിച്ച ഘട്ടത്തിലോ പദ്ധതിയംഗം മരണപ്പെടുന്ന പക്ഷം ആശ്രിതർക്ക് പദ്ധതിയംഗം മരണപ്പെട്ട തീയതി വരെയുള്ള അംശദായം സ്വീകരിച്ച് ഉത്തരവ് തീയതി മുതൽ കുടുംബപെൻഷൻ അനുവദിക്കേണ്ടതാണ്. |
| സി) | വിരമിച്ച ശേഷം പെൻഷൻ അപേക്ഷിക്കുന്നതിന് മുമ്പോ സമർപ്പിച്ചിരുന്ന പെൻഷൻ അപേക്ഷയിൽ നടപടി പൂർത്തീകരിക്കും മുമ്പോ പദ്ധതിയംഗം മരണപ്പെടുകയാണെങ്കിൽ മരണത്തീയതിയുടെ തൊട്ടടുത്ത മാസം മുതൽ കുടുംബപെൻഷൻ അനുവദിക്കേണ്ടതാണ്. |

**6. അംഗത്വ പുന:സ്ഥാപനം**

ചട്ടപ്രകാരം പത്ത് വർഷത്തെ സർവീസുള്ള അംഗങ്ങൾക്ക് തുടർന്ന് വേജ് ബോർഡ് നടപ്പാക്കാത്ത മാധ്യമങ്ങളിൽ പ്രവർത്തിക്കുകയാണെങ്കിൽ അംശദായം അടയ്ക്കുന്നതിന് നിലവിൽ അനുവാദമുണ്ട്. സംസ്ഥാന തലത്തിൽ ശൃംഖലയുള്ള കേബിൾ ചാനലിൽ പ്രവർത്തിക്കുന്നവർക്കും ഓൺലൈനിൽ പ്രവർത്തിക്കുന്നവർക്കും വാർത്താധിഷ്ഠിത ആനുകാലികങ്ങളിൽ പ്രവർത്തിക്കുന്നവർക്കും വേജ്ബോർഡ് ശിപാർശ നടപ്പാക്കിയതും അല്ലാത്തതുമായ മാധ്യമങ്ങളിൽ കരാർ വ്യവസ്ഥയിൽ ഇപ്പോൾ പ്രവർത്തിക്കുന്നവർക്കും ഗൾഫിൽ പ്രസിദ്ധീകരിക്കുന്ന മലയാള ദിനപത്രങ്ങളിൽ ജോലി ചെയ്യുന്നവർക്കും മുഴുസമയ മാധ്യമപ്രവർത്തകരായി തുടരുന്നുവെന്ന് ഓരോ വർഷവും പത്രപ്രവർത്തക യൂണിയനും ഐപിആർഡി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരും ശിപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ അംശദായ കുടിശ്ശികയുടെ 15% പിഴയായി സ്വീകരിച്ചുകൊണ്ട് അംഗത്വം പുന:സ്ഥാപിച്ച് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്യാം വി**

**ഡെപ്യൂട്ടിസെക്രട്ടറി**

എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ & ഇ),കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഐ &പി ആർ ഡി സെക്രട്ടറിയുടെ സി എ യ്ക്ക്
ഐ &പി ആർ ഡി ഡയറക്ടറുടെ സി എ യ്ക്ക്
അഡിഷണൽ ഡയറക്ടറുടെ (ജനറൽ & അഡ്മിനിസ്ട്രേഷൻ ) സി എ യ്ക്ക്

ഡെപ്യൂട്ടി സെക്രട്ടറി ,ഐ&പി.ആർ.ഡി
ഡെപ്യൂട്ടി ഡയറക്ടർ (പെൻഷൻ)ഐ &പി.ആർ.ഡി
അക്കൗണ്ട്സ് ഓഫീസർ, ഐ&പി.ആർ.ഡി